LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 47198 സ്ത്രീപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 4157 പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ 354 സ്ത്രീകളും 82 പെൺകുട്ടികളും കൊല ചെയ്യപ്പെട്ടിട്ടുണ്ട്.

കെ.എ.പി. നാലാം ബറ്റാലിയനിലെ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ

170 (2039) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.പി. നാലാം ബറ്റാലിയനിൽ ഉൾപ്പെട്ടിട്ടുള്ള കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിൽ ഓരോന്നിലും ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ഒഴിവുകൾ കണ്ണൂർ ജില്ലയിൽ നിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട ചെയ്തിട്ടുണ്ട് ;

(സി) എത്ര ഒഴിവുകൾ കാസർഗോഡ് ജില്ലയിൽനിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട ചെയ്തിട്ടുണ്ട് ;

(ഡി) എത്ര ഒഴിവുകൾ വയനാട് ജില്ലയിൽ നിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഇ) കെ.എ.പി. ഒന്നിൽ അധികമായ എത്ര സിവിൽ പോലീസ് ഓഫീസർമാരെ ഇപ്പോൾ കെ.എ.പി. നാലിൽ അറ്റാച്ച് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇവരെ കെ.എ.പി. ഒന്നിലേക്ക് മടക്കി അയയ്ക്കുവാനും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട ചെയ്യുവാനും എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; കണ്ണൂർ ജില്ലയിൽ രണ്ടു വർഷമായി സിവിൽ പോലീസ് ഓഫീസർമാരുടെ സ്ഥാനക്കയറ്റം നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കണ്ണൂർ ജില്ലയിലെ സിവിൽ പോലീസ് ഓഫീസർമാരുടെ സ്ഥാനക്കയറ്റം അടിയന്തരമായി നടത്തുവാനും പ്രസ്തുത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട ചെയ്യുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ രണ്ട് സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. എന്നാൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒഴിവുകളില്ല.

(ബി-ഡി) കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകൾ ഉൾപ്പെടുന്ന കെ.എ.പി. 4-ാം ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ 419 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) കെ.എ.പി. 1-ാം ബറ്റാലിയനിലെ 128 പോലീസ് കോൺസ്റ്റബിൾമാരെ കെ.എ.പി. 4-ാം ബറ്റാലിയനിൽ താൽക്കാലികമായി അറ്റാച്ച് ചെയ്തിട്ടുണ്ട്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിച്ച പോലീസ് കോൺസ്റ്റബിൾമാർ പരിശീലനം പൂർത്തിയാക്കി വരുന്ന മുറയ്ക്ക് അറ്റാച്ച് ചെയ്തവരെ കെ.എ.പി. 1-ാം ബറ്റാലിയനിലേക്ക് മാറ്റുന്നതായിരിക്കും. കണ്ണൂർ ജില്ലയിൽ 2 വർഷമായി സിവിൽ പോലീസ് ഓഫീസർമാരുടെ സ്ഥാനക്കയറ്റം നിലച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കാപ്പ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

171 (2040) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്പ നിയമത്തിൽ ഉൾപ്പെടുത്തി കേസ്സെടുക്കുന്നതിന് മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിൽ ആരെയെല്ലാമാണ് പ്രതി ചേർത്തിട്ടുള്ളതെന്നും ഇവരുടെ രാഷ്ട്രീയ ബന്ധം എന്താണെന്നും പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ-സി) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഒരു കരുതൽ തടങ്കൽ നിയമമാണ്. ഏതെങ്കിലും ഒരു കുറ്റകൃത്യത്തിനുള്ള ശിക്ഷയായല്ല മറിച്ച് നാട്ടിലെ സാധാരണ നിയമങ്ങൾക്ക് കീഴ്പ്പെട്ട് ജീവിക്കാതെ സമൂഹ സുരക്ഷയ്ക്കും പബ്ലിക് ഓർഡറിനും ഭീഷണിയായി നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ അതിൽ നിന്നും തടയുന്നതിനായാണ് നിയമത്തിലെ വകുപ്പ് 2 (പി) പ്രകാരം അറിയപ്പെടുന്ന റൗഡിയായോ 2 (ഒ) പ്രകാരം അറിയപ്പെടുന്ന ഗുണ്ടയായോ വർഗ്ഗീകരിക്കാവുന്ന ആളുകളെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നത്. അവർ ഉൾപ്പെട്ട ക്രിമിനൽ കേസുകളുടെ അടിസ്ഥാനത്തിലാണ് കരുതൽ തടങ്കൽ

LIBRARY ARCHIVES Kerala Legislative Assembly